**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2671** **14-09-2023 - ൽ മറുപടിയ്ക്ക്**

**നികുതി രംഗത്തെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നികുതി രംഗത്തെ മുഴുവൻ നവീകരിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ പുനഃസംഘടനയിലൂടെ നികുതി ഭരണ നിർവ്വഹണം സാങ്കേതിക വിദ്യാധിഷ്ഠിതമായി മാറ്റുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ നികുതി വരുമാനം കൂട്ടുവാനായും, വകുപ്പിന്റെ കാര്യക്ഷമത വർധിപ്പിക്കാനായും ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് സമഗ്രവും ശാസ്ത്രീയവുമായ രീതിയിൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. വകുപ്പിന്റെ പുനഃസംഘടനയും ഇതിലൂടെ ഇന്റലിജൻസ്/ഓഡിറ്റ് വിഭാഗങ്ങളുടെ ശക്തിപ്പെടുത്തലും നികുതി ശോഷണം തടയുന്നതിന് ഗണ്യമായ തോതിൽ സഹായകമാകും എന്നാണ് വിലയിരുത്തിയിട്ടുള്ളത്. സാങ്കേതിക വിദ്യ കൂടുതലായി ഉപയോഗപ്പെടുത്തിയും ശാസ്ത്രീയ മാർഗങ്ങൾ അവലംബിച്ചും നികുതി വെട്ടിപ്പ് തടയുന്നതിനുള്ള ശക്തമായ നടപടികൾ വകുപ്പിന്റെ ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്. ശക്തിപ്പെടുത്തിയ ഓഡിറ്റ് വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി ഉദ്യാഗസ്ഥർക്ക് പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പരിശീലനത്തിനു ശേഷം കാര്യക്ഷമമായ ഓഡിറ്റ് ആരംഭി ക്കുന്നതോടെ ഗണ്യമായ തോതിൽ നികുതി ശോഷണം തടയുന്നതിന് സാധിക്കും എന്നാണ് വകുപ്പ് വിലയിരിത്തിയിട്ടുള്ളത്.<br><br>സംസ്ഥാനത്തു ജി.എസ്.ടി നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നിരവധി പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ജി.എസ്.ടി വെട്ടിപ്പ് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗം ഊർജിതമായ വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ.എൻ.പി.ആർ. ക്യാമറ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന |

| | | | |
|---|---|---|---|
| | | | പരിശോധന, രജിസ്ട്രേഷൻ ബാധ്യത ഉള്ളവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തുടനീളം ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്.<br><br>വാഹന പരിശോധന ഫാറങ്ങൾ പൂർണമായും ഓൺലൈൻ ആയി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും, ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരം നികുതി വെട്ടിപ്പിനെതിരെയുള്ള നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ജി.എസ്.ടി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 5 കോടിക്ക് മുകളിൽ ഇൻപുട്ട് ടാക്സ് തട്ടിപ്പു നടത്തിയ 6 വ്യക്തികളെ സംസ്ഥാന ചരക്കു സേവന നികുതി നിയമപ്രകാരം അറസ്റ്റ് ചെയ്യുകയുണ്ടായി.<br><br>സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ പുനഃ സംഘടനയുടെ ഭാഗമായി ഓഡിറ്റ്, ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ നമ്പരുകളും വ്യാജ രജിസ്ട്രേഷനിലൂടെയുള്ള ചരക്ക് കടത്തും കണ്ടെത്തുന്നതിൽ രാജ്യത്തിനു തന്നെ മാതൃകയാകുന്ന തരത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | വ്യാജ രേഖകൾ സമർപ്പിച്ചും മറ്റും നേടിയെടുക്കുന്ന രജിസ്ട്രേഷൻ വഴി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വ്യാജമായി നേടിയെടുത്ത് വൻതോതിൽ നികുതി വെട്ടിപ്പ് നടത്തി വന്നിരുന്ന ആളുകളെ കണ്ടെത്തി അത്തരം രജിസ്ട്രേഷനുകൾ റദ്ദാക്കുന്നതിനും അത്തരത്തിൽ വ്യാജമായ ഇൻപുട്ട് ടാക്സ് സ്വീകരിച്ച ആളുകളിൽ നിന്നും ആയത് തിരിച്ച് പിടിക്കുന്നതിനുമായി അഖിലേന്ത്യാ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പ്രത്യേക ഡ്രൈവിന്റെ ഭാഗമായി കേരളത്തിൽ നടത്തിയ അന്വേഷണങ്ങളുടെ ഫലമായി 150-ഓളം സ്ഥാപനങ്ങൾ വ്യാജ രജിസ്ട്രേഷൻ എടുത്ത് നികുതി വെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തുകയും ആയതിന്റെ വെളിച്ചത്തിൽ 131 സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കുകയും മറ്റുള്ളവ റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ഇവയിലെല്ലാം കൂടി ഏതാണ്ട് 96 കോടിയോളം രൂപയുടെ ഇൻപുട് ടാക്സ് ക്രെഡിറ്റിലുള്ള വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഇവർ നൽകിയ വ്യാജ ഇൻപുട്ട് ടാക്സ് |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചവരിൽ നിന്നും ഈ തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.<br><br>കൂടാതെ, ഇത്തരത്തിൽ വ്യാജ രജിസ്ട്രേഷൻ നേടി വെട്ടിപ്പ് നടത്തുന്ന ചില പ്രത്യേക ഇനത്തിൽപ്പെട്ട സാധനങ്ങളുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെടുന്ന പുതിയ രജിസ്ട്രേഷൻ അപേക്ഷകളോടൊപ്പം സമർപ്പിക്കുന്ന രേഖകളുടെ സാധുത ലഭ്യമായ എല്ലാ സംവിധാനങ്ങളിലൂടെയും പരിശോധിക്കുകയും സ്ഥാപനം പ്രവർത്തിക്കുന്ന സ്ഥലത്ത് എത്തി പരിശോധന നടത്തുകയും ചെയ്ത് അപേക്ഷകന്റെ സാധുത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് പോരുന്നുണ്ട്. ഇതോടൊപ്പം തന്നെ സാധുത ഉറപ്പ വരുത്തി രജിസ്ട്രേഷൻ നൽകുന്നതിന് ശേഷം അത്തരക്കാരുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | നികുതി ദായകരെ കൂടി പരിഗണനയ്ക്കെടുത്ത് അവരുടെ ഭാഗം കൂടി കേൾക്കുന്നതിനും സേവനങ്ങൾ കാലതാമസം കൂടാതെ നൽകുന്നതിനും നടത്തിയിട്ടുള്ള ക്രമീകരണങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ? | (സി) | നികുതി നിർണ്ണയം നടത്തുമ്പോൾ നികുതിദായകർക്ക് അവരുടെ ഭാഗം അവതരിപ്പിക്കാനും നോട്ടീസിനുള്ള മറുപടി നൽകുവാനും നിയമപ്രകാരമുള്ള സമയം അനുവദിച്ചു നൽകാറുണ്ട്. ജി.എസ്.ടി. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും അതുമായി ബന്ധപ്പെട്ട സേവനങ്ങൾ കാലതാമസം കൂടാതെ നികുതിദായകർക്ക് ലഭിക്കുന്നതിനുമായി സെൻട്രൽ രജിസ്ട്രേഷൻ യൂണിറ്റ് (CRU) എന്നൊരു വിഭാഗം വകുപ്പിന്റെ പുനഃസംഘടനയുടെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, നികുതിദായകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനായി ജില്ലാ കേന്ദ്രങ്ങളിൽ പ്രത്യക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2671** **14.09.2023 ൽ മറുപടി നൽകേണ്ടത്.**

**നികുതി രംഗത്തെ നവീകരണം**

<table>
<tr><th colspan="2"><u>ചോദ്യം</u><br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>ശ്രീ. പി. നന്ദകുമാർ<br>ശ്രീ. ഐ. ബി. സതീഷ്<br>ഡോ. സുജിത് വിജയൻപിള്ള</th><th colspan="2"><u>മറുപടി</u><br>കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ നികുതി രംഗത്തെ മുഴുവൻ നവീകരിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ പുനഃസംഘടനയിലൂടെ നികുതി ഭരണ നിർവ്വഹണം സാങ്കേതിക വിദ്യാധിഷ്ഠിതമായി മാറ്റുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;</td><td rowspan="3">(എ),<br><br>(ബി)<br><br>&<br><br>(സി)</td><td rowspan="3">വിവരം ശേഖരിച്ചു വരുന്നു.</td></tr>
<tr><td>(ബി)</td><td>വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ നമ്പരുകളും വ്യാജ രജിസ്ട്രേഷനിലൂടെയുള്ള ചരക്ക് കടത്തും കണ്ടെത്തുന്നതിൽ രാജ്യത്തിനു തന്നെ മാതൃകയാകുന്ന തരത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;</td></tr>
<tr><td>(സി)</td><td>നികുതി ദായകരെ കൂടി പരിഗണനയിലെടുത്ത് അവരുടെ ഭാഗം കൂടി കേൾക്കുന്നതിനും സേവനങ്ങൾ കാലതാമസം കൂടാതെ നൽകുന്നതിനും</td></tr>
</table>

| | | |
|---|---|---|
| നടത്തിയിട്ടുള്ള ക്രമീകരണങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ? | | |

Sreelatha

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2671    14.09.2023 ൽ മറുപടി നൽകേണ്ടിയിരുന്നത്.**

**നികുതി രംഗത്തെ നവീകരണം**

| ചോദ്യം<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>ശ്രീ. പി. നന്ദകുമാർ<br>ശ്രീ. ഐ. ബി. സതീഷ്<br>ഡോ. സുജിത് വിജയൻപിള്ള | | മറുപടി<br>കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നികുതി രംഗത്തെ മുഴുവൻ നവീകരിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ പുനഃസംഘടനയിലൂടെ നികുതി ഭരണ നിർവ്വഹണം സാങ്കേതിക വിദ്യാധിഷ്ഠിതമായി മാറ്റുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ നികുതി വരുമാനം കൂട്ടുവാനായും, വകുപ്പിന്റെ കാര്യക്ഷമത വർധിപ്പിക്കാനായും ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് സമഗ്രവും ശാസ്ത്രീയവുമായ രീതിയിൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. വകുപ്പിന്റെ പുനഃസംഘടനയും ഇതിലൂടെ ഇന്റലിജൻസ്/ഓഡിറ്റ് വിഭാഗങ്ങളുടെ ശക്തിപ്പെടുത്തലും നികുതി ശോഷണം തടയുന്നതിന് ഗണ്യമായ തോതിൽ സഹായകമാകും എന്നാണ് വിലയിരുത്തിയിട്ടുള്ളത്. സാങ്കേതിക വിദ്യ കൂടുതലായി ഉപയോഗപ്പെടുത്തിയും ശാസ്ത്രീയ മാർഗങ്ങൾ അവലംബിച്ചും നികുതി വെട്ടിപ്പ് തടയുന്നതിനുള്ള ശക്തമായ നടപടികൾ വകുപ്പിന്റെ ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ സ്വീകരിച്ച് വരുന്നുണ്ട്. ശക്തിപ്പെടുത്തിയ ഓഡിറ്റ് വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി ഉദ്യോഗസ്ഥർക്ക് പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പരിശീലനത്തിനു ശേഷം കാര്യക്ഷമമായ ഓഡിറ്റ് ആരംഭിക്കുന്നതോടെ ഗണ്യമായ തോതിൽ നികുതി ശോഷണം തടയുന്നതിന് സാധിക്കും എന്നാണ് വകുപ്പ് |

| | | | |
|---|---|---|---|
| | | | വിലയിരിത്തിയിട്ടുള്ളത്.<br><br>സംസ്ഥാനത്ത് ജി.എസ്.ടി നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നിരവധി പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ജി.എസ്.ടി വെട്ടിപ്പ് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗം ഊർജിതമായ വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ.എൻ.പി.ആർ. ക്യാമറ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, രജിസ്ട്രേഷൻ ബാധ്യത ഉള്ളവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തുടനീളം ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്.<br><br>വാഹന പരിശോധന ഫാറങ്ങൾ പൂർണമായും ഓൺലൈൻ ആയി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും, ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരം നികുതി വെട്ടിപ്പിനെതിരെയുള്ള നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ജി.എസ്.ടി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 5 കോടിക്ക് മുകളിൽ ഇൻപുട്ട്ടാക്സ് തട്ടിപ്പ നടത്തിയ 6 വ്യക്തികളെ സംസ്ഥാന ചരക്ക സേവന നികുതി നിയമപ്രകാരം അറസ്റ്റ് ചെയ്യുകയുണ്ടായി.<br><br>സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിന്റെ പുനഃ സംഘടനയുടെ ഭാഗമായി ഓഡിറ്റ്, ഇന്റലിജൻസ്, |

| | | | |
|---|---|---|---|
| | | | എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ നമ്പരുകളും വ്യാജ രജിസ്ട്രേഷനിലൂടെയുള്ള ചരക്ക് കടത്തും കണ്ടെത്തുന്നതിൽ രാജ്യത്തിനു തന്നെ മാതൃകയാകുന്ന തരത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | വ്യാജ രേഖകൾ സമർപ്പിച്ചും മറ്റും നേടിയെടുക്കുന്ന രജിസ്ട്രേഷൻ വഴി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വ്യാജമായി നേടിയെടുത്ത് വൻതോതിൽ നികുതി വെട്ടിപ്പ് നടത്തി വന്നിരുന്ന ആളുകളെ കണ്ടെത്തി അത്തരം രജിസ്ട്രേഷനുകൾ റദ്ദാക്കുന്നതിനും അത്തരത്തിൽ വ്യാജമായ ഇൻപുട്ട് ടാക്സ് സ്വീകരിച്ച ആളുകളിൽ നിന്നും ആയത് തിരിച്ച് പിടിക്കുന്നതിനുമായി അഖിലേന്ത്യാ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പ്രത്യേക ഡ്രൈവിന്റെ ഭാഗമായി കേരളത്തിൽ നടത്തിയ അന്വേഷണങ്ങളുടെ ഫലമായി 150-ഓളം സ്ഥാപനങ്ങൾ വ്യാജ രജിസ്ട്രേഷൻ എടുത്ത് നികുതി വെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തുകയും ആയതിന്റെ വെളിച്ചത്തിൽ 131 സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കുകയും മറ്റുള്ളവ റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ഇവയിലെല്ലാം കൂടി ഏതാണ്ട് 96 കോടിയോളം രൂപയുടെ ഇൻപുട് ടാക്സ് ക്രെഡിറ്റിലുള്ള വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഇവർ നൽകിയ വ്യാജ ഇൻപുട്ട് ടാക്സ് സ്വീകരിച്ചവരിൽ നിന്നും ഈ തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.<br><br>കൂടാതെ, ഇത്തരത്തിൽ വ്യാജ രജിസ്ട്രേഷൻ നേടി വെട്ടിപ്പ് നടത്തുന്ന ചില പ്രത്യേക ഇനത്തിൽപെട്ട സാധനങ്ങളുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെടുന്ന പുതിയ രജിസ്ട്രേഷൻ അപേക്ഷകളോടൊപ്പം സമർപ്പിക്കുന്ന രേഖകളുടെ സാധുത ലഭ്യമായ എല്ലാ സംവിധാനങ്ങളിലൂടെയും പരിശോധിക്കുകയും സ്ഥാപനം |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്ന സ്ഥലത്ത് എത്തി പരിശോധന നടത്തുകയും ചെയ്ത് അപേക്ഷകന്റെ സാധുത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് പോരുന്നുണ്ട്. ഇതോടൊപ്പം തന്നെ സാധുത ഉറപ്പ വരുത്തി രജിസ്ട്രേഷൻ നൽകുന്നതിന് ശേഷം അത്തരക്കാരുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | നികുതിദായകരെ കൂടി പരിഗണന യ്ക്കെടുത്ത് അവരുടെ ഭാഗം കൂടി കേൾക്കുന്നതിനും സേവനങ്ങൾ കാല താമസം കൂടാതെ നൽകുന്നതിനും നടത്തിയിട്ടുള്ള ക്രമീകരണങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ? | (സി) | നികുതി നിർണ്ണയം നടത്തുമ്പോൾ നികുതിദായകർക്ക് അവരുടെ ഭാഗം അവതരിപ്പിക്കാനും നോട്ടീസിനുള്ള മറുപടി നൽകുവാനും നിയമപ്രകാരമുള്ള സമയം അനു വദിച്ച നൽകാറുണ്ട്. ജി.എസ്.ടി. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും അതുമായി ബന്ധപ്പെട്ട സേവനങ്ങൾ കാലതാമസം കൂടാതെ നികുതിദായകർക്ക് ലഭിക്കുന്നതിനുമായി സെൻട്രൽ രജിസ്ട്രേഷൻ യൂണിറ്റ് (CRU) എന്നൊരു വിഭാഗം വകുപ്പിന്റെ പുനഃസംഘടനയുടെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, നികുതിദായകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനായി ജില്ലാ കേന്ദ്രങ്ങ ളിൽ പ്രത്യക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ